Beware – Mustard is also under threat.
Article by S Usha in Mathrubhumi Weekly
2016 September 25




# കരുതിയിരിക്കണം; കടുകിലും പിടിമുറുകുന്നു

ഉഷ. എസ്

**ഒരു പതിറ്റാണ്ട് മുമ്പ് ഇന്ത്യയിൽ ഒളിച്ചുകടത്താൻ ശ്രമിച്ച ജി.എം. കടുക് രൂപവും ഭാവവും മാറ്റി വീണ്ടും കൊണ്ടുവരാൻ ഊർജിത ശ്രമങ്ങൾ നടക്കുകയാണ്. കടുകിൻെറ ഉൽപാദനം സംബന്ധിച്ച് തെറ്റായ കണക്കുകൾ നിരത്തിയും വ്യാജ അവകാശവാദങ്ങൾ ഉയർത്തിയുമാണ് ദീർഘകാല ഭീഷണിയായി മാറിയേക്കാവുന്ന ജി.എം. കടുകുകൾ അവതരിപ്പിക്കുന്നത്.**

പതിമൂന്ന് വർഷം മുൻപാണ് ജനറ്റിക് എഞ്ചിനിയറിങ് അപ്രൂവൽ കമ്മിറ്റി (ജി.ഇ.എ.സി.) ജി.എം. കടുകിന് അനുമതി നിഷേധിച്ചത്. എന്നാൽ ആ ജീൻ ഇതാ ഒരു തിരിച്ചുവരവിന് ഒരുങ്ങുന്നു . ഇതിനു ചെലവായതാകട്ടെ സർക്കാറിൻെറ 70 കോടി രൂപയും. അന്ന് ഒരു സ്വകാര്യകമ്പനി ആയിരുന്നു അനുമതിക്കായി വന്നതെങ്കിൽ ഇന്ന് ഇതൊരു സർക്കാർ ഉത്പന്നമായിട്ടാണ് അവതരിച്ചിരിക്കുന്നത്. ഡൽഹി സർവകലാശാലയാണ് ഇപ്പോൾ ജി.എം. കടുകിനായി അനുമതി തേടുന്നത്.

ബെയർ എന്ന കുത്തക കമ്പനിയുടെ സബ്സിഡിയറി ആയ പ്രൊ അഗ്രൊ സീഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ആണ് നേരത്തെ വന്നവർ. കടുകിൻെറ ഉത്പാദനം 20–25 ശതമാനം വരെ ഉയർത്താൻ കഴിയും എന്നായിരുന്നു അവരുടെ അവകാശം. എണ്ണയുടെ ഗുണവും കൂടും എന്നും അവർ അവകാശപ്പെടുകയുണ്ടായി. ഈ പുതിയ ഉത്പന്നത്തിൽ നാലുതരം വ്യത്യസ്ത ജീനുകൾ ഉണ്ടെന്നും അവർ ജി.ഇ.എ.സിയെ അറിയിച്ചു. ഇപ്പോൾ ഡൽഹി സർവകലാശാല വികസിപ്പിച്ചെടുത്ത ജി.എം. കടുകിലും മൂന്നു ജീനുകൾ ഉണ്ട്. ബാർ, ബർണാസെ, ബാർസ്റ്റാർ എന്നിവയാണിവ. ഇവർ പറയുന്ന ഗുണങ്ങളും നേരത്തെ പ്രൊ അഗ്രൊ കമ്പനി നല്കിയ



ഫോട്ടോ: യു.എൻ.ഐ

അവകാശങ്ങളും ഒന്നുതന്നെയാണ് എന്നതാണ് രസകരം. ഇവർക്കു രണ്ടുപേർക്കും ഉള്ള മറ്റൊരു സാമ്യം രണ്ടുകൂട്ടരും ഒരു പ്രധാനപ്പെട്ട വിവരം മറച്ചുവെക്കുന്നു എന്നതാണ്. ഈ ജി.എം. കടുകിൽ കളനാശിനികളെ പ്രതിരോധിക്കാൻ കഴിവുള്ള ഒരു ജീൻ ഉണ്ട് എന്നതാണത്.

ജി.എം. കടുക് കളനാശിനികളെ പ്രതിരോധിക്കാൻ കഴിവുള്ള ഒരു വിത്താണ്. ഇത് കൃഷിചെയ്യാൻ തുടങ്ങിയാൽ കളനാശിനികളുടെ ഉപയോഗം തീർച്ചയായും വർധിക്കും. ജി.എം. വിളകൾ കൃഷിചെയ്യുന്ന രാജ്യങ്ങളിൽ റൗണ്ടപ്പിൻെറ ഉപയോഗം വ്യാപകമായതിൻെറ പ്രത്യാഘാതങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സൂപ്പർ കളകളുടെ വ്യാപനം ഇവിടങ്ങളിൽ വലിയ കാർഷിക പാരിസ്ഥിതിക പ്രശ്നമായിരിക്കുകയാണ്. 2015-ൽ ലോകാരോഗ്യ സംഘടനാ കാൻസറിന് കാരണമാകാനിടയുള്ള ഒരു കളനാശിനിയാണ് റൗണ്ടപ് എന്ന് കണ്ടെത്തി. മണ്ണിലെ ജീവികളെയും മണ്ണിൻെറ ആരോഗ്യത്തെയും ഈ കളനാശിനി നശിപ്പിക്കുന്നതായും ഉള്ള പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഇതുകൊണ്ടെല്ലാം ലോകത്തു റൗണ്ടപ്പിനു എതിരെയും കളനാശിനികളുടെ ഉപയോഗത്തിനെതിരെയും ശക്തമായ ചർച്ചകളും സമരങ്ങളും നടക്കുകയാണ്. ജി.എം. കടുകിനു അനുമതി ലഭിക്കുന്നതോടെ മറ്റു ജി.എം. വിത്തുകൾക്കും അനുമതി നേടാൻ എളുപ്പമാകും എന്നാണ് ജി.എം. വിത്ത് വ്യവസായികൾ കണക്കുകൂട്ടുന്നത്. ഇത് ഭക്ഷണത്തിൻെറ പുറത്തുള്ള നമ്മുടെ എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കും. കൃഷി ചെയ്യാൻ അനുമതി കിട്ടിയാൽ പിന്നെ ഒരു നിയന്ത്രണവും സാധ്യമല്ല തന്നെ.

ഇനി മറ്റൊരു വശം നോക്കുക.

ഇന്ത്യ ഇപ്പോൾ ഏകദേശം 60,000 കോടി രൂപയ്ക്കുള്ള എണ്ണ ഇറക്കുമതി ചെയ്യുന്നു എന്നാണ് കണക്ക്. അതുകൊണ്ട് കടുകെണ്ണയുടെ ഉത്പാദനം കൂട്ടിയേ കഴിയൂ എന്നാണ് വിദഗ്ധ അഭിപ്രായം. ജി.എം. കടുക് വികസിപ്പിച്ചെടുത്ത ഡോക്ടർ ദീപക് പെൻറൽ പറയുന്നത് ഇതിലൂടെ രാജ്യത്തിൻെറ ഇറക്കുമതിച്ചെലവ് കുറയ്ക്കാം എന്നാണ്. ഇത് തന്നെയാണ് 13 വർഷം മുൻപ് പ്രൊ അഗ്രോ കമ്പനിയുടെ വക്താക്ക ▶

ഖോരക്പൂരിലെ കടുകുപാടം



▶ ളും പറഞ്ഞിരുന്നത്. ആഭ്യന്തര ഉപയോഗത്തിന്റെ പകുതിയും അന്ന് ഇറക്കുമതി ആയിരുന്നു. അതിനു വന്നിരുന്ന ചെലവ് 12,000 കോടി രൂപയും.

ഏതൊരു സാധാരണ മനുഷ്യനും മനസ്സിലാകുന്ന കണക്കാണിത്. വളരെ ബുദ്ധിയുള്ള കമ്പനികളും ശാസ്ത്രജ്ഞരും ഇവിടെ കടുകെണ്ണ ഉത്പാദനത്തിൽ വളരെ കുറവുണ്ട് എന്നുപറഞ്ഞു വിശ്വസിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. പക്ഷേ, വാസ്തവം അതല്ല.

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്കും എണ്ണ ഇറക്കുമതിയോടു അപ്രീതി ഉണ്ടായിരുന്നു. ഇറക്കുമതിച്ചെലവ് കുറയ്ക്കാൻ അദ്ദേഹം പ്രതിജ്ഞാബദ്ധമായിരുന്നു. ഇതിൽ മുകളിൽ നിന്നിരുന്നത് പെട്രോൾ, രാസവളം, ഭക്ഷ്യഎണ്ണ എന്നിവയായിരുന്നു. ഇതിൽ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി അന്ന് 1500-3000 കോടിയോളം ആയിരുന്നു. ഇന്ത്യക്ക് ആവശ്യത്തിനുള്ള ഭക്ഷ്യഎണ്ണ ഉത്പാദിപ്പിക്കാനുള്ള കഴിവുണ്ട് എന്ന് തിരിച്ചറിഞ്ഞ രാജീവ് ഗാന്ധി 1985-ൽ 'ടെക്നോളജി മിഷൻ ഇൻ ഓയിൽ സീഡ്സ്' ആരംഭിച്ചു.

അദ്ഭുതം എന്ന് പറയട്ടെ, 1986-നും 1993-നും ഇടയ്ക്ക് ഭക്ഷ്യ എണ്ണയുടെ ഉത്പാദനം ഇരട്ടിച്ചു. ഈ പരിപാടിക്ക് 'മഞ്ഞ വിപ്ലവം' എന്നാണ് പേര് വീണത്. 1986-87-ൽ 11 ദശലക്ഷം ടൺ ആയിരുന്നു ഉത്പാദനമെങ്കിൽ 1993-94-ൽ ഇത് 22 ദശലക്ഷം ടൺ ആയി ഉയർന്നു. ഇന്ത്യ എണ്ണയുടെ കാര്യത്തിൽ ഒരുവിധം സ്വാശ്രയത്തിലേക്ക് അടുത്തു. പിന്നെ മൂന്നുശതമാനം മാത്രമേ ഇറക്കുമതി ചെയ്തിരുന്നുള്ളൂ. എന്നാൽ പിന്നീട് കണ്ടത് ആഗോളവത്കരണ ഉദാരവത്കരണ നയങ്ങളുടെ ഭാഗമായി ഇന്ത്യ എണ്ണയുടെ ഇറക്കുമതി ചുങ്കം കുറയ്ക്കുന്നതായിട്ടാണ്. ഇതുകാരണം വളരെ വിലകുറഞ്ഞ എണ്ണകൾ ഇന്ത്യയിലേക്ക് ഒഴുകാൻ തുടങ്ങി. ഇത് ആഭ്യന്തര ഉത്പാദനത്തെ ബാധിക്കാനും തുടങ്ങി. എണ്ണക്കുരുകൃഷി ലാഭകരം അല്ലാതായി.


2003-ൽ പ്രൊ അഗ്രോ കമ്പനി ജി. എം. കടുകുമായി വന്നപ്പോൾ ഇന്ത്യയുടെ എണ്ണ ഇറക്കുമതി 12,000 കോടി ആയിരുന്നെങ്കിൽ 13 വർഷത്തിനുശേഷം ഡോ. പെൻറൽ ജി.എം. കടുകുമായി എത്തിയപ്പോൾ ഇറക്കുമതി 60,000 കോടിയിൽ എത്തി. എന്നാൽ ഇത് ഇന്ത്യയിലെ ഉത്പാദന തകരാറ് കൊണ്ടല്ല സംഭവിച്ചത്, മറിച്ച് തെറ്റായ ആഗോള കച്ചവട നയങ്ങൾ കാരണം ആയിരുന്നു. ഇതുമൂലം ഇറക്കുമതിചുങ്കം ഏകദേശം പൂജ്യംവരെ എത്തി. അതിനാൽ ഈ ചെലവ് കുറയ്ക്കാനുള്ള വഴി ഇറക്കുമതി ചുങ്കം 70 ശതമാനം എങ്കിലും ആക്കുക എന്നതാണ്. ഭക്ഷ്യഎണ്ണയ്ക്ക് 300 ശതമാനം വരെ ഇറക്കുമതിചുങ്കം വെക്കാൻ ലോക വ്യാപാര സംഘടന

**ഇന്ത്യയെപ്പോലെ ഭക്ഷ്യഎണ്ണ ഉത്പാദിപ്പിക്കാൻ കഴിവുള്ള മറ്റൊരു രാജ്യം ഇല്ല എന്നതാണ്. അത് അളവിന്റെ കാര്യത്തിൽ മാത്രമല്ല, വൈവിധ്യത്തിന്റെ കാര്യത്തിലും നമ്മൾ വളരെ മുൻപിലാണ്. എന്നാൽ തെറ്റായ ആഗോള കച്ചവട നയങ്ങൾ നമ്മുടെ കർഷകരെ തളർത്തിയിരിക്കുകയാണ്.**

അനുവദിക്കുന്നുണ്ട്. ഇതുചെയ്താൽ ഇന്ത്യയിലെ കർഷകർ നമുക്ക് ആവശ്യമുള്ള എണ്ണ ഉത്പാദിപ്പിച്ചു തരും. അതിനു മാന്യമായ വില നല്കുകയേ നമ്മൾ ചെയ്യേണ്ടതുള്ളൂ.

ഇതൊന്നും ചെയ്യാതെ പകരം ഇപ്പോൾ കേന്ദ്ര സർക്കാറിനെ പറഞ്ഞു ബോധ്യപ്പെടുത്തിയിരിക്കുന്നത് ജി.എം. കടുക് കൃഷി ചെയ്താൽ ഉത്പാദനം 20-25 ശതമാനം കൂട്ടാമെന്നും അങ്ങനെ രാജ്യത്തിന്റെ എണ്ണ ആവശ്യം സാധിക്കാം എന്നുമാണ്. ഒരുകാര്യം ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. ഇതുവരെയും ഉത്പാദനം കൂട്ടാനുള്ള ജീൻ കണ്ടുപിടിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. രണ്ടാമതായി ഇന്ത്യയിൽ കൃഷിചെയ്യുന്ന സങ്കരയിനം കടുകിന്റെ അത്ര വിളവേ ഈ ജി.എം. കടുകിനുമുള്ളൂ. എന്നാൽ ഇത് വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞർ വിളവിനെ നാടൻ കടുകുമായി താരതമ്യം ചെയ്തുള്ള വിളവാണ് പറയുന്നത്. ഇത് അനീതിയാണ്. ഇതിനും പുറമെ മറ്റുപാരിസ്ഥിതിക പ്രശ്നങ്ങളായ ജീനുകൾ മൂലമുണ്ടാകുന്ന മലിനീകരണം, സൂപ്പർ കളകളുടെ വ്യാപനം തുടങ്ങിയ പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ മറുപടിതരാൻ ഇവർക്കു ഇതുവരെ കഴിഞ്ഞിട്ടുമില്ല.

ഇന്ത്യയിൽ ഇതുവരെ കിട്ടിക്കൊണ്ടിരിക്കുന്ന കടുകെണ്ണയ്ക്ക് യാതൊരു തകരാറുമില്ല. വടക്കേ ഇന്ത്യയിലും കിഴക്കേ ഇന്ത്യയിലും പാരമ്പര്യമായി ഉപയോഗിക്കുന്ന എണ്ണയാണിത്. എണ്ണ മാത്രമല്ല കടുകിന്റെ ഇലയും ഇവിടങ്ങളിൽ പച്ചക്കറിയായി ഉപയോഗിക്കുന്നുണ്ട്. ആയുർവേദ എണ്ണകളിലെ ഒരു പ്രധാന ഘടകമാണ് കടുകെണ്ണ. അതുകൊണ്ടുതന്നെ വളരെ പഠിച്ചു തീരുമാനിക്കേണ്ട ഒന്നാണ് ജി.എം. കടുക് സുരക്ഷിതമാണോ അല്ലയോ എന്നത്. 2010-ൽ ബി. ടി. വഴുതനങ്ങയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തിയത് ഇതുപോലെ സുരക്ഷാകാരണങ്ങൾ കൊണ്ടായിരുന്നു. അതിനുശേഷം വന്ന പാർലമെന്ററി സ്റ്റാൻറിങ് കമ്മിറ്റിയും സുപ്രീംകോടതി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയും ജി.എം. വിളകളുടെ സുരക്ഷയെപ്പറ്റി ഉത്ക



ഫോട്ടോ: കെ.ആർ. വിനയൻ

ണ്ട രേഖപ്പെടുത്തിയിരുന്നു. ഇത് നമ്മൾ കാണാതിരുന്നുകൂടാ.

നമ്മൾ മനസ്സിലാക്കേണ്ടുന്ന ഒരു പ്രധാനകാര്യം ഇന്ത്യയെപ്പോലെ ഭക്ഷ്യഎണ്ണ ഉത്പാദിപ്പിക്കാൻ കഴിവുള്ള മറ്റൊരു രാജ്യം ഇല്ല എന്നതാണ്. അത് അളവിന്റെ കാര്യത്തിൽ മാത്രമല്ല, വൈവിധ്യത്തിന്റെ കാര്യത്തിലും നമ്മൾ വളരെ മുൻപിലാണ്. എന്നാൽ തെറ്റായ ആഗോള കച്ചവട നയങ്ങൾ നമ്മുടെ കർഷകരെ തളർത്തിയിരിക്കുകയാണ്. കേരളത്തിലെ തെങ്ങുകർഷകരുടെ കാര്യം നമുക്ക് അറിയാം. അതുപോലെ മറ്റു സംസ്ഥാനങ്ങളിലെ കർഷകരുടെ സ്ഥിതിയും വ്യത്യസ്തമല്ല. സർക്കാർ വാസ്തവത്തിൽ ചെയ്യേണ്ടത് ഇവരെ പ്രോത്സാഹിപ്പിക്കുകയും നല്ല ഗുണനിലവാരമുള്ള എണ്ണ മാർക്കറ്റിൽ ലഭ്യമാക്കുകയുമാണ്. അതിനുപകരം അപകടംപിടിച്ച ജി.എം. കടുക്പോലുള്ള വിത്തുകൾക്ക് അനുമതി കൊടുത്ത് ഉത്പാദനംകൂട്ടാൻ നോക്കിയാൽ കടുക് കർഷകർ ആത്മഹത്യ ചെയ്യുന്നത് നമ്മൾ കാണേണ്ടിവരും. ഇപ്പോൾതന്നെ മോശം ഭക്ഷ്യഉത്പന്നങ്ങൾ വാങ്ങി കഷ്ടപ്പെടുന്ന ഉപഭോക്താവിനെ ഒന്നുകൂടി കഷ്ടപ്പെടുത്തേണ്ടി വരും. നമ്മുടെ എണ്ണക്കയറ്റുമതിയെയും ഈ ഉത്പന്നം ബാധിക്കും. ജി.ഇ.എ.സി. ആരുടെ കൂടെയാണ് എന്നതാണ് ഇപ്പോഴത്തെ പ്രശ്നം? ജനങ്ങളുടെ കൂടെയോ അതോ ജി.എം. വ്യവസായികളുടെ കൂടെയോ ?

ജി.ഇ.എ.സി. ഈ വിഷയത്തിൽ എടുക്കുന്ന നിലപാടുകൾ സംശയം ഉണർത്തുന്നതാണ്. ജി.എം. കടുകിന്റെ വിഷയത്തിൽ ഒരു സബ് കമ്മിറ്റി ഇവർ വെച്ചിട്ടുണ്ട്. ഈ കമ്മിറ്റി ഒരു ഏഴംഗ കമ്മിറ്റിയാണ്. ഈ കമ്മിറ്റി ഇപ്പോൾ ഒരു രേഖ അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജി.എം. കടുക് ഭക്ഷണത്തിനും പരിസ്ഥിതിക്കും അപകടമല്ല എന്ന് പറയുന്ന രേഖയാണിത്. ഇത് അവരുടെ നിലപാട് സൂചിപ്പിക്കുന്നതാണ്. ഈ തീരുമാനം തന്നെ 15 മിനുട്ട് മാത്രം എടുത്ത ഒരു മീറ്റിങ്ങിൽ ഉണ്ടായതാണ്. 30 ദിവസത്തിനുള്ളിൽ ജനങ്ങൾ അഭിപ്രായം പറയണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

**ഭക്ഷ്യഎണ്ണയ്ക്ക് 300 ശതമാനം വരെ ഇറക്കുമതിചുങ്കം വെക്കാൻ ലോക വ്യാപാര സംഘടന അനുവദിക്കുന്നുണ്ട് . ഇതുചെയ്താൽ ഇന്ത്യയിലെ കർഷകർ നമുക്ക് ആവശ്യമുള്ള എണ്ണ ഉത്പാദിപ്പിച്ചു തരും. അതിനു മാന്യമായ വില നല്കുകയെ നമ്മൾ ചെയ്യേണ്ടതുള്ളൂ .**



എന്നാൽ ജനങ്ങൾ കാണണമെന്ന് ആവശ്യപ്പെട്ട ജൈവസുരക്ഷാരേഖ ഇതല്ല. ആ രേഖ കണ്ടാൽ മാത്രമേ ഈ വിത്തിന്റെ യഥാർഥവശങ്ങൾ പൊതുസമൂഹത്തിനും മറ്റു വിദഗ്ധർക്കും മനസ്സിലാക്കാൻ കഴിയൂ. ഈ രേഖ വേണ്ടവർ ഡൽഹിയിലെ പരിസ്ഥിതി മന്ത്രാലയത്തിന്റെ ഓഫീസിൽ ചെല്ലണമെന്നാണ് പറഞ്ഞിരിക്കുന്നത്. സെൻട്രൽ ഇൻഫർമേഷൻ കമ്മീഷന്റെ തീരുമാനങ്ങൾക്ക് എതിരാണ് ഈ നിലപാട്.

ഇതെല്ലം കാണുമ്പോൾ സാധാരണ ഏതൊരാൾക്കും തോന്നുന്ന കാര്യം ജി.ഇ.എ.സി. ഒരു തീരുമാനം എടുത്തുകഴിഞ്ഞു എന്ന് തന്നെയാണ്. മറിച്ചു ഒരു അഭിപ്രായം അവർ കേൾക്കാൻ തയ്യാറല്ല എന്നാണ്. എത്രയും ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടുന്ന ഒരു വിഷയത്തെ ഇത്ര ലാഘവത്വത്തോടെ നടപ്പാക്കുന്നത് കാണുമ്പോൾ നമ്മുടെ സ്ഥിതിയെപ്പറ്റി ആശങ്കപ്പെടാതിരിക്കാൻ കഴിയില്ല .

കൃഷി ഒരു സംസ്ഥാന വിഷയമായിരിക്കെ സംസ്ഥാന സർക്കാറുകളുമായി ചർച്ചപോലും ഇക്കാര്യത്തിൽ ഇല്ല എന്നതും അപകടകരമാണ്. ഒരു ജൈവ സംസ്ഥാനത്തേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിലെ സർക്കാറും ജനങ്ങളും ഈ വിഷയത്തിൽ ശക്തമായിത്തന്നെ തങ്ങളുടെ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതുണ്ട്.■